

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ

## 6. ലോകായതദർശനം

സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


6 ലോകായതദർശനം . . . . . . . . . . . . . . . . . . . . 1

1 ലോകായതമെന്നാൽ . . . . . . . . . 3

2 ചുട്ടുകരിക്കപ്പെട്ട ഗ്രന്ഥങ്ങൾ . . . . . 4

3 ജ്ഞാനത്തിന്റെ ഉപാധി . . . . . . . 5

4 ബ്രാഹ്മണമേധാവിത്വത്തിനെതിരായ പ്രഹരങ്ങൾ . . . . . . . . . . . . . . . . . 6

5 പ്രപഞ്ചത്തിന്റെ മൂലകാരണം . . . . 7

6 ലോകായതത്തിന്റെ ചരിത്രപ്രാധാന്യം 8

# 6

# ലോകായതദർശനം

ലോകായതദർശനത്തിന് ചാർവാകദർശനം എന്നുകൂ
ടി പേരുണ്ട്. ചാർവാകന്മാർ എന്നുവച്ചാൽ ചാരുവായ
(രമണീയമായ) വാകം (വചനം) കൊണ്ട് ആളുകളെ
വശീകരിക്കുന്നവർ എന്നാണത്രേ അർത്ഥം. ആത്മീ
യവാദികളായ എതിരാളികൾ ലോകായതികന്മാരെ
ആക്ഷേപിക്കാൻ വേണ്ടി കെട്ടിച്ചമച്ചുണ്ടാക്കിയ പദമാ
ണിത് എന്നു പറയപ്പെടുന്നു.

ഋഗ്വേദകാലത്തുതന്നെ ഭൗതികപദാർഥമാണ് മൗലി
കമായ യാഥാർത്ഥ്യമെന്ന് ബൃഹസ്പതി എന്ന മഹർഷി
വര്യൻ പ്രഖ്യാപിച്ചുകഴിഞ്ഞിരുന്നു. ചാർവാകന്മാർ ബൃ
ഹസ്പതിയുടെ ശിഷ്യന്മാരായിട്ടാണ് കരുതപ്പെടുന്നത്.
അവരുടെ ഉന്നതനേതാക്കന്മാരിലൊരാളായ ധിഷ
ണൻ ബുദ്ധന്റെ കാലത്തിനുമുമ്പാണ് ജീവിച്ചിരുന്നത്.
ധിഷണന്റെ പ്രധാനപ്പെട്ട അനുയായികളിലൊരാളായ
അജിതകേശകംബലി ബുദ്ധന്റെ സമകാലികനായിരുന്നു.

## 1 ലോകായതമെന്നാൽ

ലോകത്തെ അടിസ്ഥാനപ്പെടുത്തിയ ദർശനമാണ് ലോകായതം. പരലോകം, ആത്മാവ്, സ്വർഗം, നരകം, മോക്ഷം, മതം മുതലായവയെ ഒന്നും അംഗീകരിക്കാത്തവരെ ലോകായതികന്മാർ എന്നുപറയുന്നു. ജൈനതത്വജ്ഞാനിയായ ഹരിഭദ്രൻ ലോകായതദർശനത്തെ വ്യാഖ്യാനിച്ചുകൊണ്ട് ലോകം എന്നുവെച്ചാൽ ഇന്ദ്രിയഗോചരമായ ചരാചരങ്ങൾ മാത്രമാണെന്നു ചൂണ്ടിക്കാണിക്കുന്നു. ഹരിഭദ്രന്റെ ടീകാകാരനായ മണിഭദ്രൻ ലോകമെന്ന വാക്കിന് ഭൗതികപദാർത്ഥങ്ങളുടെ സമൂഹം എന്ന് അർത്ഥം കൽപ്പിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, ലോകായതം, ഭൗതികവാദമാണ്.

പക്ഷേ, ലോകായതമെന്ന വാക്കിന് മറ്റൊരർത്ഥം കൂടിയുണ്ട്. ‘ലോകേഷു ആയതോ ലോകായത:’ എന്നുവെച്ചാൽ ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങളുടെ ഇടയിൽ പ്രചരിക്കുന്ന തത്വശാസ്ത്രം.

ഇങ്ങനെ, ലോകായതം ഒരേസമയത്തുതന്നെ ഭൗതിക ദർശനവുമാണ്, സാധാരണ ജനങ്ങളുടെ ദർശനവുമാണ്.

അദ്ധ്വാനിച്ചു ജീവിക്കുന്നവരാണ് സാധാരണജനങ്ങൾ. അതുകൊണ്ട് ലോകായതദർശനം, മനുഷ്യാദ്ധ്വാനത്തിന് വമ്പിച്ച പ്രാധാന്യം നൽകി. ബാർഹസ്പത്യസൂത്രം, പ്രബോധചന്ദ്രോദയം മുതലായ പ്രാചീനഗ്രന്ഥങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ലോകായതമനുസരിച്ച് ‘വാർത്ത’യാണ് വിദ്യകളിൽ പ്രധാനം. കൗടില്യന്റെ അർത്ഥശാസ്ത്രം വ്യക്തമാക്കുന്നതുപോലെ കൃഷി, പശുപാലനം, വാണിജ്യം എന്നിവയ്ക്കാണ് ‘വാർത്ത’ എന്നുപറയുന്നത്. വാർത്തയാണ് ലോകായതദർശനത്തിന്റെ അടിത്തറ.

ന്യൂനപക്ഷക്കാരായ ഭരണാധികാരി വർഗ്ഗക്കാർക്ക് ഇത്തരം ശാരീരികപ്രവർത്തനങ്ങളോടു പുച്ഛമായിരുന്നു. മറ്റുള്ളവരുടെ അദ്ധ്വാനഫലങ്ങളെ ചൂഷണം ചെയ്തു ജീവിച്ചുപോന്ന അവർ പ്രധാനമായും മാനസികപ്രവർത്തനങ്ങളിലാണ് ശ്രദ്ധ ചെലുത്തിയിരുന്നത്. ബ്രാഹ്മണർക്കു കൃഷിപ്രവൃത്തി നിഷിദ്ധമാണെന്ന് മനു അനുശാസിക്കുന്നു. വേദജ്ഞാനവും കൃഷിപ്രവൃത്തിയും തമ്മിൽ പൊരുത്തമില്ലെന്നു മറ്റു പ്രാചീനഗ്രന്ഥങ്ങളും വ്യക്തമാക്കുന്നുണ്ട്.

ശാരീരിക പ്രവർത്തനങ്ങളിൽ നിന്നകന്നു നിൽക്കുകയും അദ്ധ്വാനിക്കുന്നവരെ അകറ്റിനിർത്തുകയും ചെയ്തുപോന്ന ഭരണാധികാരിവർഗക്കാർ ആത്മീയവാദത്തേയും പരബ്രഹ്മത്തേയും പൊക്കിപ്പിടിച്ചു. അദ്ധ്വാനിച്ചു ജീവിച്ച ഭൂരിപക്ഷക്കാരായ സാധാരണജനങ്ങളാകട്ടെ, ഭൗതികവാദത്തിലാണു വിശ്വസിച്ചിരുന്നത്. അവർ ആത്മീയവാദികളായിരുന്നില്ല, ലോകായതികന്മാരായിരുന്നു.

## 2 ചുട്ടുകരിക്കപ്പെട്ട ഗ്രന്ഥങ്ങൾ

ലോകായതദർശനത്തെപ്പറ്റിയുള്ള മൗലികഗ്രന്ഥങ്ങളൊന്നും തന്നെ ആധുനികചരിത്രകാരന്മാർക്കു കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഒരുകാലത്ത് അവയ്ക്ക് നമ്മുടെ നാട്ടിൽ വിപുലമായ പ്രചാരമുണ്ടായിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല. 'ദിവ്യാവദാനം' എന്ന ബൗദ്ധഗ്രന്ഥത്തിൽ ലോകായതത്തിന് ഭാഷ്യവും പ്രവചനവുമുണ്ടെന്ന് സ്പഷ്ടമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെന്ന് പ്രൊഫസർ ത്ധച്ചേ ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തുബ്ദത്തിന് ഒന്നരനൂറ്റാണ്ടുമുമ്പ് ജീവിച്ചിരുന്ന പതഞ്ജലി ഒരു വ്യാകരണനിയമത്തെ വ്യാഖ്യാനിക്കുന്നതിനിടയ്ക്ക്, ലോകായതത്തിന് ഭാഗുരി എന്നൊരു ഭാഷ്യമുണ്ടെന്നു പ്രസ്താവിക്കുന്നു.

ക്രി. മു. രണ്ടാം നൂറ്റാണ്ടിൽ ലോകായതദർശനവും അതിന്റെ ഭാഷ്യവും പ്രചരിച്ചിരുന്നുവെന്ന് ഇത്രയും പറഞ്ഞതിൽ നിന്നുതന്നെ വ്യക്തമാകുമല്ലോ. ക്രിസ്ത്വബ്ദം 15-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാധവാചാര്യർ തന്റെ ഷഡ്ദർശനസംഗ്രഹത്തിൽ ലോകായതദർശനത്തെ പുച്ഛിക്കുകയും വികൃതമാക്കി ചിത്രീകരിക്കുകയും ചെയ്യുന്നുണ്ട്. ക്രിസ്ത്വബ്ദത്തിനുമുമ്പ് 7-ാം നൂറ്റാണ്ടിലോ 6-ാം നൂറ്റാണ്ടിലോ ആവിർഭവിച്ച ആ തത്വദർശനം ക്രിസ്ത്വബ്ദത്തിനു ശേഷം 15-ാം നൂറ്റാണ്ടിൽപ്പോലും എതിരാളികളുടെ ആക്ഷേപങ്ങൾക്കു വിധേയമായി എന്നതിൽ നിന്നുതന്നെ അത് ജനങ്ങൾക്കിടയിൽ എത്രവലിയൊരു പങ്കാണ് വഹിച്ചതെന്നൂഹിക്കാം.

പക്ഷേ, ലോകായതദർശനത്തെക്കുറിച്ചുള്ള ആ മൗലികഗ്രന്ഥങ്ങളെല്ലാം എവിടെപ്പോയി? ആത്മീയവാദികളായ ബ്രാഹ്മണപുരോഹിതന്മാർ അവയെ നശിപ്പിച്ചുകളഞ്ഞു എന്ന് വിശ്വസിക്കാനേ നിവൃത്തിയുള്ളൂ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇങ്ങനെ പറയുന്നു:

'നഷ്ടപ്പെട്ടുപോയ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ, ആദ്യകാലോപനിഷത്തുക്കളെ തുടർന്നുണ്ടായ ഭൗതികവാദത്തെ സംബന്ധിച്ച സാഹിത്യം മുഴുവനും പെടും. അതിന്റെ വിമർശനങ്ങളിലും ഭൗതികവാദത്തെ ഖണ്ഡിക്കാനുള്ള വിസ്തരോദ്യമങ്ങളിലും മാത്രമേ ഇന്ന് അതിനെക്കുറിച്ചുള്ള പ്രസ്താവനകൾ കാണുന്നുള്ളൂ. എന്നാൽ അനേകം നൂറ്റാണ്ടുകളോളം ഭൗതികവാദം ഇന്ത്യയിൽ വിശ്വസിക്കപ്പെട്ടുപോന്നിട്ടുണ്ടെന്നു അക്കാലത്ത് അത് ജനങ്ങളുടെ മേൽ പ്രബലമായ സ്വാധീനത ചെലുത്തിയിരുന്നുവെന്നുമുള്ള കാര്യത്തിൽ സംശയത്തിനവകാശമില്ല... അപ്പോൾ, നാം ഈ തത്വശാസ്ത്രത്തിന്റെ വിമർശകന്മാരേയും അതിനെ പഴിക്കുന്നതിൽ തല്പരന്മാരേയും വേണം ആശ്രയിക്കുക എന്നുവരുന്നു. അവരാകട്ടെ, അതിന്റെ നേരെ പരിഹാസം പൊഴിക്കാനും അതെത്രമേൽ അസംബന്ധമാണെന്നു തെളിയിക്കുവാനും ശ്രമിക്കുകയാണ്. അതെന്തായിരുന്നു എന്ന് കണ്ടെത്താനുള്ള ദുർഭഗമായ ഒരു മാർഗമാണത്. എങ്കിലും അങ്ങനെ വിലകെടുത്താനുമുള്ള അവരുടെ ഉത്ക്കണ്ഠതന്നെ, അവരുടെ ദൃഷ്ടിയിൽ അതെത്ര പ്രധാനമായിരുന്നു എന്നു തെളിയിക്കുന്നു. ഇന്ത്യയിലെ ഭൗതികവാദസാഹിത്യത്തിൽ ഏറിയ കൂറും പിൽക്കാലങ്ങളിൽ പുരോഹിതന്മാരും മാമൂൽമതവിശ്വാസക്കാരായ മറ്റുള്ളവരും നശിപ്പിച്ചതാവാൻ മതി'.

ഇന്ത്യൻ തത്വശാസ്ത്രത്തിന്റെ ചരിത്രത്തിനു നേരിട്ട ഒരു വമ്പിച്ച നഷ്ടമാണിത്. എന്തുകൊണ്ടെന്നാൽ, ഇന്ത്യയുടെ സാമൂഹ്യജീവിതത്തിൽ വിപുലമായ സ്വാധീനശക്തി ചെലുത്തിയ ലോകായതദർശനത്തെപ്പറ്റി പഠിക്കണമെങ്കിൽ, പ്രധാനമായും എതിരാളികളുടെ ഉദ്ധരണികളെ ആശ്രയിക്കണമെന്നു വന്നിരിക്കുന്നു. ലോകായതമെന്നാൽ നെറികെട്ട സുഖഭോഗങ്ങളിലാറാടലാണ്, എല്ലാത്തരം സാന്മാർഗികബോധങ്ങളേയും എതിർക്കലാണ്. കടം വാങ്ങിയിട്ടെങ്കിലും നെയ്യ് വാങ്ങിക്കഴിച്ചു കൂത്താടലാണ് എന്നും മറ്റുമുള്ള ആക്ഷേപങ്ങളുടെയും പരിഹാസങ്ങളുടെയും അടിയിൽ മുങ്ങിത്തപ്പിയിട്ടു വേണം സത്യം കണ്ടുപിടിക്കാൻ എന്നു വന്നിരിക്കുന്നു.

ഇതിന്റെ അർത്ഥം ലോകായതദർശനത്തെപ്പറ്റി നമുക്കു യാതൊന്നും പഠിക്കാൻ സാധിക്കയില്ല എന്നല്ല. ഒന്നാമതായി, ലോകായതത്തെ എതിർക്കാൻ വേണ്ടി രചിക്കപ്പെട്ട ഗ്രന്ഥങ്ങളിൽത്തന്നെ സത്യത്തിന്റെ അംശങ്ങളടങ്ങിയിട്ടുണ്ട്. രണ്ടാമതായി, സത്യാന്വേഷികളായ ചില പണ്ഡിതന്മാരുടെ പരിശ്രമഫലമായി ലോകായതദർശനത്തിന്റെ ചില മൗലികസൂത്രങ്ങൾ തന്നെ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഈ ദർശനത്തെപ്പറ്റിയുള്ള ഒരു സാമാന്യജ്ഞാനം സമ്പാദിക്കാൻ ഇന്നു നമുക്ക് സാധിക്കും.

## 3 ജ്ഞാനത്തിന്റെ ഉപാധി

ലോകായതദർശനത്തിലെ ഏറ്റവും കാതലായ ഭാഗം ജ്ഞാനത്തെപ്പറ്റിയുള്ള സിദ്ധാന്തമാണ്. സത്യം കണ്ടുപിടിക്കാനുള്ള മാർഗം പ്രത്യക്ഷജ്ഞാനം മാത്രമാണ് എന്ന് അത് പ്രഖ്യാപിച്ചു. ആത്മീയവാദികളായ തത്വജ്ഞാനികളുടെ അഭിപ്രായത്തിൽ, മുഖ്യമായി മൂന്നു പ്രമാണങ്ങളുണ്ട്: പ്രത്യക്ഷം, അനുമാനം, ശബ്ദം, വേദപ്രമാണത്തിനാണ് ശബ്ദമെന്നുപറയുന്നത്. ചാർവാകന്മാർ വേദങ്ങളുടെ പ്രമാണികതയെ അംഗീകരിക്കുന്നില്ല. അതുകൊണ്ട് ശബ്ദപ്രമാണിത്വത്തിന്റെ പ്രശ്നമുത്ഭവിക്കുന്നില്ല. ബാക്കിയുള്ളത് അനുമാനവും പ്രത്യക്ഷവുമാണ്. ധിഷണന്റെ അഭിപ്രായത്തിൽ പ്രാപ്തിജ്ഞാനത്തെ ആശ്രയിച്ചാണ് അനുമാനം സ്ഥിതിചെയ്യുന്നത്. ഉദാഹരണത്തിന് 'ധൂമാത് വഹ്നി:' ധൂമത്തിൽ നിന്നു പുകയുണ്ടാകുന്നു. തീയും പുകയും തമ്മിൽ ബന്ധമുണ്ടെന്ന് പ്രത്യക്ഷജ്ഞാനം കൊണ്ടുതന്നെ മനസിലാക്കാം. പക്ഷേ, ഇതിൽനിന്നു തീയുള്ളേടത്തെല്ലാം പുകയുണ്ടാവുമെന്നോ പുകയുള്ളേടത്തെല്ലാം തീയുണ്ടാവുമെന്നോ അനുമാനിക്കാനൊരുങ്ങിയാൽ പലപ്പോഴും തെറ്റുപറ്റിയെന്നുവരും. അനുമാനം ഒരിക്കലും ജ്ഞാനത്തിന്റെ ഉപാധിയാവുകയില്ലെന്ന് ചാർവാകന്മാർ തീർത്തു പറയുന്നില്ല. പ്രകൃതിയുടെ പല പ്രതിഭാസങ്ങളെ സംബന്ധിച്ചും അനുമാനം ശരിയായെന്നു വരാം. മറ്റു ചില പ്രതിഭാസങ്ങളെ സംബന്ധിച്ചിടത്തോളം അതു തെറ്റിപ്പോയെന്നുവരാം. ഭൂതകാലത്തെപ്പറ്റിയും ഭാവികാലത്തെപ്പറ്റിയും അനുമാനങ്ങൾ നടത്താറുണ്ട്. ഭൂതകാലങ്ങളെ സംബന്ധിച്ചിടത്തോളം അനുമാനങ്ങളുപയോഗിക്കാമെന്നും ഭാവിയെ സംബന്ധിച്ചിടത്തോളം അതു സാദ്ധ്യമല്ലെന്നുമാണവർ പറയുന്നത്. അനുമാനം ചിലപ്പോൾ സത്യമാവാം. ചിലപ്പോൾ മിഥ്യയുമാവാം. അതുകൊണ്ട് അനുമാനം വിശ്വാസയോഗ്യമായ പ്രമാണമല്ല. നിരീക്ഷണത്തിനും നേരിട്ടുള്ള പരിശോധനയ്ക്കും വിധേയമാകാത്തതെല്ലാം സംശയാസ്പദങ്ങളത്രെ. അതിനാൽ വിശ്വാസയോഗ്യമായ ഒരേയൊരു പ്രമാണം പ്രത്യക്ഷജ്ഞാനം മാത്രമാണ്. പ്രത്യക്ഷജ്ഞാനമല്ലാതെ സത്യം കണ്ടുപിടിക്കാൻ മറ്റു യാതൊരു വഴിയുമില്ല. മറ്റൊരുവിധം പറഞ്ഞാൽ, പ്രത്യക്ഷജ്ഞാനത്തിനു വിധേയമല്ലാത്ത യാതൊന്നും സത്യമല്ല. ലോകം മാത്രമാണ് പ്രത്യക്ഷമായിട്ടുള്ളത്. അതുകൊണ്ട് ലോകം മാത്രമാണ് സത്യം.

മറ്റു ദാർശനികന്മാരിൽ നിന്നു വ്യത്യസ്തമായി ലോകായതികന്മാർ പ്രത്യക്ഷപ്രമാണത്തെ മാത്രം അംഗീകരിച്ചതെന്തുകൊണ്ടാണ്? പ്രത്യക്ഷജ്ഞാനമൊഴിച്ച് മറ്റൊന്നും സത്യമല്ലെന്നു വാദിച്ചതെന്തുകൊണ്ടാണ്? മണിഭദ്രൻ രണ്ടുകാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്: ഒന്നാമതായി സ്ഥാപിത താല്പര്യക്കാരായ ബ്രാഹ്മണമേധാവികളുടെ മതപ്രചരണത്തെ എതിർക്കാൻ അതാവശ്യമായിരുന്നു. അനുമാനം, ശബ്ദം മുതലായ പ്രമാണങ്ങളെ ആശ്രയിച്ചുകൊണ്ടാണ് ബ്രാഹ്മണപുരോഹിതന്മാർ യാഗാദികർമ്മങ്ങളെ ന്യായീകരിക്കുകയും സ്വർഗത്തെപ്പറ്റിയും പരലോകത്തെപ്പറ്റിയും മറ്റുമുള്ള വ്യാമോഹങ്ങൾ സൃഷ്ടിക്കുകയും ചെയ്തിരുന്നത്. ഈ സ്ഥിതിയെ നേരിടാൻ പ്രത്യക്ഷപ്രമാണമൊഴിച്ചുള്ള മറ്റു പ്രമാണങ്ങളെയെല്ലാം നിഷേധിക്കേണ്ടതാവശ്യമായിവന്നു.

രണ്ടാമതായി, അപ്രത്യക്ഷമായ കാര്യങ്ങൾ സത്യമാവാനിടയുണ്ടെന്നു വന്നാൽ ദരിദ്രന്മാർ തങ്ങളുടെ ദാരിദ്ര്യത്തെയും അടിമകൾ തങ്ങളുടെ അടിമത്തത്തേയും വിസ്മരിച്ചുപോയെന്നുവരാം. ദരിദ്രനു ദാരിദ്ര്യവും അടിമയ്ക്ക് അടിമത്തവും പ്രത്യക്ഷമാണ്. അപ്രത്യക്ഷമായത് സംഭവ്യമാണെന്നു കരുതാൻ തുടങ്ങിയാൽ ദരിദ്രൻ ധനത്തെപ്പറ്റി സ്വപ്നം കാണാൻ തുടങ്ങും. ദരിദ്രൻ തന്റെ ദാരിദ്ര്യത്തെപ്പറ്റിയും അടിമ തന്റെ അടിമത്തത്തേപ്പറ്റിയും എല്ലായ്പ്പോഴും സചേതനനായിരുന്നാലേ ദാരിദ്ര്യത്തിനും അടിമത്തത്തിനുമെതിരായി പോരാടാൻ കഴിയൂ.

## 4 ബ്രാഹ്മണമേധാവിത്വത്തിനെതിരായ പ്രഹരങ്ങൾ

ജീവിതത്തിന്റെ ഉദ്ദേശ്യത്തെ സംബന്ധിച്ചും ആത്മീയ വാദികളുടേതിൽ നിന്നും വ്യത്യസ്തമായ ഒരു നിലപാടാണ് ചാർവാകന്മാർ സ്വീകരിച്ചത്. യാഥാസ്ഥിതിക ദാർശനികന്മാർ ജീവിതത്തിന്റെ ലക്ഷ്യം മോക്ഷമാണെന്നു പറഞ്ഞു. എല്ലാത്തരം പ്രാപഞ്ചികബന്ധങ്ങളിൽ നിന്നും ആത്മാവിനു മോചനമുണ്ടാവുക; സുഖദുഃഖങ്ങളിൽ നിന്നതീതമായി ഒരവസ്ഥയെ പ്രാപിക്കുക — ഇതാണ് മോക്ഷം. ചാർവാകന്മാർ ഇതിനോടു യോജിക്കുന്നില്ല. മനുഷ്യന് സുഖദുഃഖങ്ങളിൽ നിന്ന് സ്വതന്ത്രമായ ഒരവസ്ഥ സമ്പാദിക്കാൻ കഴിയുമെന്ന വാദത്തെ അവരെതിർക്കുന്നു. മനുഷ്യജീവിതത്തിൽ സുഖവുമുണ്ട്, ദുഃഖവുമുണ്ട്. ദുഃഖങ്ങളെ ആവുന്നതും കുറയ്ക്കുകയും സുഖത്തിന്റെ മാത്ര കഴിയുന്നത്ര വർദ്ധിപ്പിക്കുകയുമാണാവശ്യം. പരലോകത്തിനു വേണ്ടിയല്ല, ഇഹലോകജീവിതം കൂടുതൽ കൂടുതൽ സുഖമയമാക്കാൻ വേണ്ടി യത്നിക്കുക — ഇതാണ് ഓരോ മനുഷ്യന്റേയും ധർമം. ഇതാണ് ജീവിതലക്ഷ്യം.

മാധവാചാര്യരുടെ സർവ്വദർശനസംഗ്രഹത്തിൽ ലോകായതികന്മാരുടെ ആശയങ്ങളെപ്പറ്റിയും വിശ്വാസങ്ങളെപ്പറ്റിയും വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. ഇഹലോകത്തിൽ മാത്രമേ അവർ വിശ്വസിക്കുന്നുള്ളൂ. പരലോകം, പുനർജന്മം, സ്വർഗ്ഗം, നരകം മുതലായവയിലൊന്നും അവർക്ക് വിശ്വാസമില്ല. പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവായ ഒരു ദൈവത്തെ അവർക്കാവശ്യമില്ല. കരുണാനിധിയായ ഒരു ദൈവമുണ്ടായിരുന്നുവെങ്കിൽ ഭൂരിപക്ഷക്കാരായ ജനങ്ങൾ കഷ്ടപ്പെടുമായിരുന്നുവോ? നീതിമാനായ ഒരു ദൈവമുണ്ടായിരുന്നുവെങ്കിൽ ലോകത്തിൽ ഇത്രയധികം അസമത്വങ്ങളും പക്ഷപാതങ്ങളും ഉണ്ടാകുമായിരുന്നുവോ? ഇല്ല. അതുകൊണ്ട് ദൈവമില്ലെന്നു തീർച്ചയാണ്. ദൈവമുണ്ടെന്ന വാദത്തെ യാതൊരു യുക്തികൊണ്ടും തെളിയിക്കാൻ സാദ്ധ്യമല്ലെന്നു ലോകായതികന്മാർ തീർത്തുപറയുന്നു.

ദൈവമില്ലെങ്കിൽ പിന്നെ, ദൈവത്തിന്റെ പേരിൽ നടത്തപ്പെടുന്ന യാഗങ്ങൾക്കും ബലികൾക്കും മറ്റും എന്തർത്ഥമാണുള്ളത്? യാഗത്തിൽ കൊലചെയ്യപ്പെടുന്ന മൃഗം സ്വർഗ്ഗത്തിലെത്തുമെന്ന് പുരോഹിതന്മാർ പറയുന്നു. അങ്ങനെയാണെങ്കിൽ അവർ തങ്ങളുടെ സ്വന്തം മാതാപിതാക്കന്മാരെ ബലികഴിച്ച് നേരിട്ട് സ്വർഗ്ഗത്തിലേക്കയക്കാത്തതെന്തുകൊണ്ടാണ്? ദേഹം ഭസ്മമായാൽ പിന്നെ മറ്റൊരു ലോകത്തിലേക്കു പോകുന്നതെങ്ങനെയാണ്? യഥാർത്ഥത്തിൽ ശരീരത്തിൽ നിന്നു സ്വതന്ത്രമായ ഒരാത്മാവുണ്ടെന്ന വാദം തനി വിഡ്ഢിത്തമാണ്. മരണത്തോടുകൂടി എല്ലാമവസാനിക്കുന്നു. ശ്രദ്ധഗതിക്കാരായ ആളുകളെ പറ്റിച്ചു പണം തട്ടാനാഗ്രഹിക്കുന്ന ബ്രാഹ്മണരുടെ തട്ടിപ്പുകൾ മാത്രമാണ് യാഗങ്ങളും മറ്റും. ഈ ലോകം മാത്രമാണ് യഥാർത്ഥമായിട്ടുള്ളതെന്നും ഇതിനപ്പുറത്തു പരലോകമോ സ്വർഗ്ഗനരകങ്ങളോ ഒന്നുമില്ലെന്നും മനസ്സിലാക്കുക. ഈ സത്യത്തിനെതിരായി വേദപ്രമാണങ്ങളെ ഉദ്ധരിക്കുന്ന ബ്രാഹ്മണർ നുണപറയുന്നവരാണ്. വേദങ്ങളിൽ പരസ്പരവിരുദ്ധങ്ങളായ പലതും കാണാം. അവ ദിവ്യങ്ങളല്ല. മനുഷ്യനിർമിതങ്ങളാണ്. ശരിക്കുപറഞ്ഞാൽ ഭ്രാന്തന്മാരും ധൂർത്തന്മാരും കൂടിയാണ് അവയെ നിർമിച്ചത്. ‘ത്രയോ വേദസ്യ കർത്താരോ ഭണ്ഡധൂർത്ത നിശാചര:’

അശ്വമേധയാഗത്തിൽ അശ്വത്തിന്റെ ശിശ്നം യജ്ഞകർത്താവിന്റെ പത്നി പിടിക്കണമെന്ന് വേദത്തിൽ പറയുന്നു. ലജ്ജാവഹമായ ഈ ചടങ്ങുവിധിച്ചവർ തീർച്ചയായും ഭണ്ഡന്മാർ (ഭ്രാന്തന്മാർ) ആകുന്നു. അപ്രസിദ്ധങ്ങളായ ജഭരി, തുർഹരി മുതലായ ശബ്ദങ്ങൾ പ്രയോഗിച്ച് ജനങ്ങളെ വഞ്ചിക്കുന്നവർ ധൂർത്തന്മാരാണ്. യജ്ഞത്തിൽ ഹിംസിക്കപ്പെട്ട മൃഗത്തിന്റെ മാംസം യജ്ഞകർത്താവ് ഭക്ഷിക്കണമെന്ന് വേദത്തിൽ പറയുന്നു. ഈ ചടങ്ങുവിധിച്ചവർ തീർച്ചയായും രാക്ഷസന്മാരായിരിക്കണം.

ലോകായതദർശനത്തിലെ ഇത്തരം ആശയങ്ങൾ ബ്രാഹ്മണ മേധാവിത്വത്തിനെതിരായി കടുത്ത പ്രഹരങ്ങളായിത്തീർന്നു. ബ്രാഹ്മണ മതം കൂടുതൽ ദ്രവിക്കാനും ജനങ്ങളിൽ നിന്ന് അധികമധികം ഒറ്റപ്പെടാനും തുടങ്ങി.

# 5 പ്രപഞ്ചത്തിന്റെ മൂലകാരണം

ബ്രാഹ്മണമേധാവിത്വത്തിനെതിരായ തീക്ഷ്ണമായ പരിഹാസശരങ്ങൾ മാത്രമല്ല ഉയർന്ന നിലവാരത്തിലുള്ള തത്വചിന്തകളും ലോകായതത്തിലടങ്ങിയിട്ടുണ്ട്. സൃഷ്ടി സ്ഥിതി സംഹാരങ്ങളുടെ കർത്താവായ ദൈവത്തേയും ശരീരത്തിൽ നിന്നു വിഭിന്നമായ ആത്മാവിനേയും നിഷേധിക്കുക മാത്രമല്ല അതു ചെയ്യുന്നത്; പ്രപഞ്ചഘടനയെക്കുറിച്ചും, മനുഷ്യന്റെ ചൈതന്യത്തെക്കുറിച്ചുമുള്ള ഒരു വിശകലനം നൽകുകകൂടി ചെയ്യുന്നു. മറ്റു ദർശനങ്ങളെപ്പോലെതന്നെ ലോകായതദർശനവും പ്രപഞ്ചത്തിന്റെ മൂലകാരണമെന്തെന്നാരായുന്നുണ്ട്.

എല്ലാറ്റിനും ഏകമായ ഒരു മൂലകാരണമുണ്ടെന്ന വാദത്തെ ചാർവാകന്മാർ നിഷേധിക്കുന്നു. ഈശ്വരൻ എന്ന ഒന്നില്ല. ജഗത്തുമാത്രമാണുള്ളത്. ലോകം വിചിത്രമാണ്. പക്ഷേ, ദൈവമല്ല ആ വൈചിത്ര്യത്തെ സൃഷ്ടിച്ചത്. പഞ്ചസാരയുടെ മാധുര്യവും വേപ്പിലയുടെ കയ്പും പക്ഷിമൃഗാദികളുടെ ജന്മവാസനയും മറ്റും ദൈവമെന്ന ശക്തിയാൽ സൃഷ്ടിക്കപ്പെട്ടവയല്ല. വസ്തുക്കളുടെ സഹജസ്വഭാവങ്ങളാണതെല്ലാം. നാല് മൂലപദാർത്ഥങ്ങളുടെ യാദൃശ്ചിക സംയോഗത്തിൽ നിന്നാണ് പ്രപഞ്ചമുത്ഭവിച്ചത്. ലോകായതദർശനമനുസരിച്ച് ഭൂമി, വായു, വെള്ളം, അഗ്നി എന്നീ നാലു ഭൂതങ്ങളാണ് പ്രപഞ്ചത്തിന്റെ മൗലികഘടകങ്ങൾ. ഈ മൗലികപദാർത്ഥങ്ങൾ കൂടിച്ചേർന്നിട്ടാണ് പ്രകൃതിയും സർവ്വചരാചരങ്ങളുമുണ്ടായത്. 'ഭൗതികപദാർത്ഥത്തിൽ നിന്നു ജീവൻ വരുന്നു'. എന്ന ബൃഹസ്പതിയുടെ നിഗമനത്തെ വിശദീകരിച്ചുകൊണ്ട് മൗലികപദാർത്ഥങ്ങൾ ഒരു സവിശേഷരീതിയിൽ ഒന്നിച്ചുചേരുമ്പോഴാണ് മനുഷ്യരും മനുഷ്യചൈതന്യവുമുണ്ടാകുന്നത്. ചില പ്രത്യേകപദാർത്ഥങ്ങൾ ഒന്നിച്ചു ചേരുമ്പോൾ മദ്യമായിത്തീരുന്നില്ലേ? മദ്യത്തിനു ലഹരിയുണ്ട്. പക്ഷേ, മദ്യത്തിലടങ്ങിയ ആ പദാർത്ഥങ്ങളെ ഒറ്റയ്ക്കൊറ്റയ്ക്കെടുത്തു നോക്കിയാൽ ലഹരിയുണ്ടാവില്ല. അതുപോലെ തന്നെ ഭൂമി, വെള്ളം, തീ, വായു എന്നീ നാലു മൗലികഘടകങ്ങൾ ഒറ്റയ്ക്കൊറ്റയ്ക്ക് നിൽക്കുമ്പോൾ മനുഷ്യചൈതന്യമില്ല. എങ്കിലും അവ ഒരു പ്രത്യേകതരത്തിൽ ഒന്നിച്ചു ചേരുമ്പോൾ ചൈതന്യമുത്ഭവിക്കുന്നു. ജീവചൈതന്യമാണ് ആത്മാവ്. ശരീരം നിലനിൽക്കുന്നിടത്തോളംകാലം ആത്മാവും നിലനിൽക്കുന്നു. ശരീരം നശിക്കുമ്പോൾ ആത്മാവും നശിക്കും. ലോകായതദർശനമനുസരിച്ച് സചേതനമായ ശരീരമാണ് കാണുകയും കേൾക്കുകയും ചിന്തിക്കുകയും അനുഭവിക്കുകയും മറ്റും ചെയ്യുന്നത്. 'ഞാൻ തടിയനാണ്', 'ഞാൻ മെലിഞ്ഞവനാണ്', 'ഞാൻ കറുത്തവനാണ്' എന്നും മറ്റും നമ്മൾ പറയാറുണ്ട്. ഇവിടെ 'ഞാൻ' ചൈതന്യമുള്ള ശരീരമല്ലാതെ മറ്റൊന്നുമല്ല. തടി, മെലിവ്, കറുപ്പ് മുതലായവയെല്ലാം ശരീരത്തിലാണടങ്ങിയിരിക്കുന്നത്. 'എന്റെ ശരീരം' എന്നും മറ്റും പറയുന്നത് ഔപചാരികമായിട്ടു മാത്രമാണ്. ഞാനും ശരീരവും വ്യത്യസ്തമാണ് എന്ന അർത്ഥത്തിലല്ല. 'ഞാൻ തടിയനാണ്' എന്നതിലെ 'ഞാൻ' ശരീരത്തിൽ നിന്നും വ്യതിരിക്തമായ മറ്റൊന്നല്ല. ചൈതന്യപൂർണ്ണമായ ദേഹം തന്നെയാണ് ആത്മാവ്. ദേഹം നശിക്കുമ്പോൾ ആത്മാവും നശിക്കുന്നു. പക്ഷേ, ഒരു ചോദ്യമുണ്ടാവാം. അചേതനമായ ശരീരത്തിൽ ചൈതന്യമുണ്ടാവുന്നതെങ്ങനെയാണ്? നാലു മൂല പദാർത്ഥങ്ങളുടെ സവിശേഷമായ സംയോഗത്തിൽ നിന്നാണ് ചൈതന്യമുണ്ടാകുന്നതെന്ന് ചാർവാകന്മാർ മറുപടി പറയുന്നു. ബോധം, ചിന്താശക്തി മുതലായ ഭൗതികപദാർത്ഥങ്ങളുടെ ഒരു സവിശേഷരീതിയിലുള്ള കൂടിച്ചേരലിൽ നിന്നാണുണ്ടാകുന്നത്. ശരീരത്തിൽനിന്നും വേറിട്ടുകൊണ്ട് അവയ്ക്ക് നിലനിൽക്കാൻ വയ്യ. ശരീരം നശിക്കുമ്പോൾ ബോധം, ചിന്താശക്തി മുതലായവയും നശിക്കുന്നു.

# 6 ലോകായതത്തിന്റെ ചരിത്രപ്രാധാന്യം

ആത്മീയവാദത്തേയും യാഗാദികർമ്മങ്ങളേയും വെല്ലുവിളിച്ച അത്തരം ഐഹികമായ ഭൗതികചിന്തകൾ ബ്രാഹ്മണമേധാവിത്വത്തിനെതിരായ മൂർച്ചയേറിയ ആയുധങ്ങളായിത്തീർന്നു. അതുകൊണ്ടാണ്, പുരോഹിതന്മാരുടെ താല്പര്യങ്ങൾക്കെതിരായി കച്ചവടം വളർത്താൻ ശ്രമിച്ച വണിക്കുകളുടെയും മർദിതരും ചൂഷിതരുമായ മറ്റു ബഹുജനങ്ങളുടേയുമിടയിൽ ലോകായതദർശനത്തിനു വമ്പിച്ച സ്വാധീനവും പിൻബലവും ലഭിച്ചത്. ചാർവാകചിന്തകൾ സമുദായത്തിൽ ഒരു പ്രബലശക്തിയായിരുന്നുവെന്ന് ആത്മീയവാദിയായ ഡോ. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട 'തത്വശാസ്ത്രചരിത്രം' തന്നെ സമ്മതിക്കുന്നുണ്ട്".

'ചാർവാകന്മാരുടെ ശബ്ദം എതിർപ്പിന്റെ ശബ്ദമായിരുന്നു. ചിന്താസ്വാതന്ത്ര്യത്തെ നിഷേധിച്ച് നീണ്ടകാലത്തെ അന്ധവിശ്വാസങ്ങൾക്കും പക്ഷപാതങ്ങൾക്കുമെതിരായ പ്രക്ഷോഭത്തിന്റെ ശബ്ദം.

'സ്വർഗം, നരകം, ദൈവം മുതലായ ആശയങ്ങളാൽ തടയപ്പെടാതെ ജീവിതത്തിന്റെ സൗന്ദര്യങ്ങളാസ്വദിക്കാനുള്ള ഒരു ക്ഷണമായിരുന്നു അത്. തത്വശാസ്ത്രരംഗങ്ങളിൽ ചാർവാകന്മാരുന്നയിച്ച ചോദ്യങ്ങളും സംശയങ്ങളും മറ്റു ചിന്തകന്മാരുടെ മുമ്പിൽ പല പ്രശ്നങ്ങളുണ്ടാക്കി. കൂടുതൽ ശ്രദ്ധയോടെ ചിന്തിക്കാൻ അവരെ നിർബന്ധിക്കുകയും അങ്ങനെ വലിയ മുരട്ടുവാദ ചിന്താഗതികളിൽ നിന്ന് അവരെ സംരക്ഷിക്കുകയും ചെയ്തു. ഇന്ത്യയിലെ ഒരു തത്വജ്ഞാനിക്കും തന്റെ സ്വന്തം സിദ്ധാന്തം സ്ഥാപിക്കുന്നതിനുമുമ്പായി ചാർവാകന്മാരെ തൃപ്തിപ്പെടുത്തണമെന്നുവന്നു. ഇപ്രകാരം ചാർവാകദർശനം ഇന്ത്യൻ തത്വശാസ്ത്രത്തിന്റെ വളർച്ചയ്ക്കു നൽകിയ സംഭാവന യഥാർത്ഥത്തിൽ വളരെ മഹത്തരമാണ്'. □

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904– ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10